"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-കേരള അഗ്നിരക്ഷാ സേവനം - ഫയർ കോൾ അറ്റൻഡ് ചെയ്യുന്നതിനിടയിൽ പോർട്ടബിൾ ഗ്രൗണ്ട് മോണിറ്റർ എന്ന ഉപകരണം നഷ്ടപ്പെട്ടത് മൂലമുണ്ടായ ബാധ്യതയായി കണക്കാക്കപ്പെട്ട തുക എഴുതിത്തള്ളി ഉദ്യോഗസ്ഥരെ ബാധ്യതയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.233/2025/HOME തീയതി,തിരുവനന്തപുരം, 26-12-2025

---

പരാമർശം:-

1. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 02/02/2024 തീയതിയിലെ ഉത്തരവ് നമ്പർ OA(EKM)2093/2023
2. അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ 03.04.2024, 14.06.2024 തീയതികളിലെ FIREHQ/1987/2023-E1 നം കത്തുകൾ.
3. കേരള ഫയർ സർവ്വീസ് അസോസിയേഷൻ CMO പോർട്ടൽ മുഖേന സമർപ്പിച്ച 13.08.2025 തീയതിയിലെ നിവേദനം

**ഉത്തരവ്**

പാലക്കാട് മഞ്ഞക്കുളം റോഡിൽ ടയർ ഷോപ്പിൽ 09-02-2023 ന് വൻതീപിടിത്തം ഉണ്ടായതിനെ തുടർന്ന് ഫയർ കോൾ അറ്റൻഡ് ചെയ്യുന്നതിനിടയിൽ KL.01.CK.2477 എന്ന വാഹനത്തിൽ സൂക്ഷിച്ചിരുന്ന 2,75,625/-രൂപ വിലമതിക്കുന്ന (ജി എസ് റ്റി ഉൾപ്പെടെ) പോർട്ടബിൾ ഗ്രൗണ്ട് മോണിറ്റർ എന്ന ഉപകരണം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് അതിന് ഉത്തരവാദിത്തപ്പെട്ട ജീവനക്കാരിൽ നിന്ന് പ്രസ്തുത ഉപകരണത്തിന്റെ തുക തിരിച്ചുപിടിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു . പ്രസ്തുത ഉപകരണം നഷ്ടപ്പെട്ട സ്ഥലത്ത് ചെന്ന് സമീപവാസികളെ കണ്ടു ചോദിച്ചും, സി.സി.ടി.വികൾ പരിശോധിച്ചും, സ്ക്രാപ്പ് കടകളിലും മറ്റും നോട്ടീസ് നൽകിയും അന്വേഷണം നടത്തിയെങ്കിലും ഉപകരണം കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടറും , ഓഫീസർമാരും ജീവനക്കാരും മേജർ കോൾ അറ്റൻഡ് ചെയ്യുന്ന തിരക്കിനിടയിൽ മോഷ്ടാവ് വാഹനത്തിൽ നിന്നും പോർട്ടബിൾ ഗ്രൗണ്ട് മോണിറ്റർ മോഷ്ടിച്ചതായിരിക്കാനാണ് സാധ്യതയെന്ന് പാലക്കാട് ജില്ല ഫയർ ഓഫീസറും ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ റിപ്പോർട്ട് ചെയ്തിരുന്നതായി അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറൽ പരാമർശം (2) ലെ കത്തുകൾ പ്രകാരം അറിയിച്ചിരുന്നു.

2. 31/05/2023 ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള പാലക്കാട് അഗ്നിരക്ഷാ നിലയത്തിലെ സ്റ്റേഷൻ ഓഫീസർ ആയിരുന്ന ശ്രീ.ജോബി ജേക്കബ് സേവനത്തിലിരിക്കേയാണ് പോർട്ടബിൾ ഗ്രൗണ്ട് മോണിറ്റർ നഷ്ടപ്പെട്ടത് എന്നതിനാൽ ഇദ്ദേഹത്തിന് വിരമിക്കൽ ആനുകൂല്യങ്ങൾ

അനുവദിച്ചിരുന്നില്ല. തുടർന്ന് ഇദ്ദേഹം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA(EKM) 2093/2023 ഫയൽ ചെയ്തിരുന്നു. ബഹു. കോടതിയുടെ 02/02/2024 ലെ പരാമർശം (1) പ്രകാരമുള്ള വിധിന്യായത്തിൽ 2 മാസത്തിനുള്ളിൽ അപേക്ഷകനെ നേരിൽ കേൾക്കുന്നതിനും എൻ.എൽ.സി അനുവദിക്കുന്നിനും ഇദ്ദേഹം സമർപ്പിച്ച അപേക്ഷയിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഉത്തരവായിരുന്നു.

3.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം ശ്രീ.ജോബി ജേക്കബിനെ 30/03/2024 ൽ ആസ്ഥാന ഓഫീസിൽ വച്ച് അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ (ഭരണം) നേരിൽ കേട്ടിരുന്നു . മനുഷ്യ വിഭവശേഷി നല്ല വിധത്തിൽ ആവശ്യമായിരുന്നതിനാൽ ഡ്രൈവർ ഉൾപ്പടെ തീ അണയ്ക്കുന്നതിൽ നേരിട്ട് പങ്കെടുക്കേണ്ട സാഹചര്യം ഉണ്ടായിരുന്നുവെന്നും ഓഫീസർമാരുടെ അഭാവത്തിൽ മേല്പറഞ്ഞ വാഹനങ്ങളുടെയും ജീവനക്കാരുടെയും നിയന്ത്രണം തന്നിൽ ആയിരുന്നു എന്നും ആയതിനാൽ വാഹനത്തിൽ സൂക്ഷിച്ചിരുന്ന ഉപകരണം നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്നുമുള്ള ശ്രീ ജോബി ജേക്കബിൻ്റെ വിശദീകരണം കണക്കിലെടുത്ത് വാഹനത്തിൽ സൂക്ഷിച്ചിരുന്ന ₹2,75,625/- വിലവരുന്ന ഉപകരണം നഷ്ടപ്പെട്ടത് ശ്രീ ജോബി ജേക്കബിന്റെ വീഴ്ച മൂലമല്ല എന്ന് കാണുന്നതായും ഒരു മേജർ ഫയർക്കോളിൽ ഓഫീസർമാരും ജീവനക്കാരും തീ അണക്കുന്നതിൽ പൂർണ്ണമായും വ്യാപൃതരായിരിക്കും എന്നതിനാലും സർക്കാരിനുണ്ടായ ധനനഷ്ടം വളരെ തുച്ഛമായ ശമ്പളം വാങ്ങിക്കുന്ന വകുപ്പിലെ സത്യസന്ധരായ അടിസ്ഥാന വിഭാഗം ജീവനക്കാരിൽ നിന്നും ഈടാക്കുന്നത് ആത്മാർത്ഥമായും അർപ്പണ ബോധത്തോടെയും രക്ഷാപ്രവർത്തനം ചെയ്യുന്ന ജീവനക്കാരുടെ മനോവീര്യം കെടുത്തുന്നതായതിനാൽ ഉപകരണം നഷ്ടപ്പെട്ടതിന്റെ തുക ജീവനക്കാരിൽ നിന്ന് ഈടാക്കുന്നത് ഒഴിവാക്കണമെന്നും നഷ്ടം എഴുതിത്തള്ളുന്നതിന് കേരളാ ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 300 പ്രകാരം സർക്കാർ അനുമതി നൽകണമെന്നും നേർക്കാഴ്ചയുടെ അടിസ്ഥാനത്തിൽ അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറൽ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ജീവനക്കാരിൽ നിന്നും നഷ്ടം ഈടാക്കാനുള്ള നിർദ്ദേശം പിൻവലിക്കണമെന്ന് കേരള ഫയർ സർവീസ് അസോസിയേഷനും പരാമർശം (3) മുഖേന അഭ്യർത്ഥിക്കുകയുണ്ടായി .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി . ഉപകരണം നഷ്ടപ്പെട്ടത് തീവ്രമായ ജീവൻരക്ഷാ കർത്തവ്യനിർവ്വഹണത്തിനിടയിലെ അസാധാരണ സാഹചര്യത്തിലാണ് എന്നതിനാലും തീപിടുത്തത്തിൽ കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടാകാതിരുന്നത് ഉദ്യോഗസ്ഥർ നടത്തിയ സമാനതകളില്ലാത്ത രക്ഷാപ്രവർത്തനത്തിലൂടെയായതിനാലും കനത്ത അപകടമേഖലയിൽ ജീവൻ പണയം വെച്ച് സേവനം ചെയ്ത ഉദ്യോഗസ്ഥരിൽ നിന്നും അവരുടെ നിയന്ത്രണത്തിലല്ലാത്ത മോഷണസാധ്യതയുടെ പേരിൽ നഷ്ടം ചുമത്തുന്നത് സേനയുടെ മനോവീര്യത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും ഇതിൽ ഉദ്യോഗസ്ഥരുടെ മനഃപൂർവമായ വീഴ്ചയോ അശ്രദ്ധയോ ഇല്ല എന്നത് കണക്കിലെടുത്തും കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകളിൽ പ്രത്യേക ഇളവ് അനുവദിച്ച്, പാലക്കാട് മഞ്ഞക്കുളം റോഡിൽ ടയർ ഷോപ്പിലുണ്ടായ 09.02.2023 ലെ തീപ്പിടുത്തത്തിൽ മേജർ ഫയർ കോൾ അറ്റൻഡ് ചെയ്യുന്നതിനിടയിൽ പോർട്ടബിൾ ഗ്രൗണ്ട് മോണിറ്റർ എന്ന ഉപകരണം നഷ്ടപ്പെട്ടത് മൂലമുണ്ടായ ബാധ്യതയായി കണക്കാക്കപ്പെട്ട

₹2,75,625/- (ജി.എസ്.ടി. ഉൾപ്പെടെ) രൂപ , ഇത് കീഴ് വഴക്കമായി കണക്കാക്കുന്നതല്ലായെന്ന വ്യവസ്ഥയിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച് പൂർണ്ണമായി എഴുതിത്തള്ളി ഉദ്യോഗസ്ഥരെ ബാധ്യതയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Ratheesh G R
Date: 29-12-2025 10:27:18

ഡയറക്ടർ ജനറൽ, കേരള അഗ്നിരക്ഷാ സേവന വകുപ്പ്, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി ) വകുപ്പ് (ഇനം. നം.3457)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (Expenditure-B1/372/2024-Fin-2850639 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.